കേരള സർക്കാർ

# ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി6)1651/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 27.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി6)1651/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി : 27.09.2017

# എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 01.04.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.08.2017 മുതൽ 11.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റസിയബീവി. ജെ., ഓഡിറ്റ് ഓഫീസർ |
| | ഉമ ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഹരീഷ് ബാബു.എൻ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | വിജു.എം.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ജോൺ ജേക്കബ് | 01.04.2016 | 31.03.2017 |
| സെക്രട്ടറി | ആർ മണിക്കുട്ടി | 01.04.2016 | 31.03.2017 |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | റീന റാഫേൽ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ. സി. മഞ്ജു | 01.04.2016 | 31.03.2017 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ഈശ്വരി | 01.04.2016 | 31.03.2017 |
| കൃഷി ഓഫീസർ | ലിസിമോൾ.ജെ. | 01.04.2016 | 31.03.2017 |
| മെഡിക്കൽഓഫീസർ(ആയുർവേദം) | ഡോ.പി.രാംകുമാർ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ജ്രൂബി ഫ്രാൻസിസ് | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | എ.എം.സുജ | 01.04.2016 | 31.03.2017 |
| ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ.പി.എസ് | ലേഖ രവീന്ദ്രൻ | 01.04.2016 | 31.03.2017 |
| വെറ്ററിനറി സർജ്ജൻ | ഡോ.സൈറ ഗോവിന്ദക്കുറുപ്പ് | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഉദയംപേരൂർ | സി രാജേശ്വരി | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കണ്ടനാട് | വി ശ്രീവിദ്യ | 01.04.2016 | 31.03.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | കെ ആർ ജയ | 01.04.2016 | 31.03.2017 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | രശ്മി പി രാജൻ | 01.04.2016 | 18.05.2016 |
| | സി ഗോപിനാഥ് | 19.05.2016 | 17.08.2016 |
| | മഞ്ജു സെബാസ്റ്റ്യൻ | 18.08.2016 | 01.09.2016 |
| | സി ഗോപിനാഥ് | 02.09.2016 | 19.09.2016 |
| | ജിനി ഗോപിനാഥ് | 20.09.2016 | 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് – നഷ്ടം ₹.21,668/- | 2-1 |
| 13 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുറവായി ഈടാക്കി - നഷ്ടം ₹.23,982/- | 2-2 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല - നഷ്ടം ₹.11250/-രൂപ | 2-3 |
| 15 | ഡി&ഒ ലൈസൻസ് – യന്ത്ര സാമഗ്രികളുടെ ഫീസ് ഈടാക്കിയില്ല – നഷ്ടം ₹.1,400/- | 2-4 |
| 16 | ബിസിനസ്സ് സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-5 |
| 17 | കൊച്ചി സേലം പൈപ്പ് ലൈൻ സ്ഥാപിക്കൽ – അപാകതകൾ - നഷ്ടം ₹.3,33,135/- | 2-6 |
| 18 | പട്ടികജാതി വ്യവസായ എസ്റ്റേറ്റ് ഉപയോഗശൂന്യമായ നിലയിൽ | 2-7 |
| 19 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ – ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 2-8 |
| 20 | വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 2-9 |
| | ഭാഗം 3 | |
| 21 | സ്കൂൾ ബസ് ഡ്രൈവറുടെയും,ആയയുടെയും വേതനം- വികസന ഫണ്ട് ചെലവഴിച്ചത് ചട്ടവിരുദ്ധം | 3-1 |
| 22 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 23 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-3 |
| 24 | വക്കീൽ ഫീസ് നൽകിയത് – ആദായ നികുതി ഈടാക്കിയിട്ടില്ല | 3-4 |
| 25 | സ്ട്രീറ്റ് ടാപ്പുകൾ- സംയുക്ത പരിശോധന നടത്തിയില്ല. | 3-5 |
| | ഭാഗം – 4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2016-17 | അനുബന്ധം.1 |
| 36 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം.2 |

| | | |
|---|---|---|
| 37 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.3 |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29.02.2016ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് | 197398385 | 170662000 |
| വാർഷിക ധനകാര്യ പത്രിക | 51855481 | 45036342 |

വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് ആണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതേ സമയം ഡി.ബി.ടി. പ്രകാരമുള്ള സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ തുക 47055840/- രൂപയും ഇ.എഫ്.എം.എസ്. വഴിയുള്ള MGNREGS ഫണ്ട് തുകയായ 10174439/- രൂപ എന്നിവ ഇതിൽ ഉൾപ്പെടുന്നില്ല. ഇവ ഉൾപ്പെടെയുള്ള കണക്ക് നോക്കിയാലും ബജറ്റ് പ്രകാരമുള്ള വരവ് – ചെലവുകളും യഥാർത്ഥ വരവ് – ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 13.07.2017 |

.

.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക 09.08.2017ൽ പരിശോധിച്ചു. ശ്രദ്ധയിപ്പെട്ട അപാകതകൾ ഖണ്ഡിക 2-9 ആയി ചേർത്തിട്ടുണ്ട് (ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ്&പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്).

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,68,19,066 |
| വരവ് | 5,18,55,481 |

| | |
|---|---|
| ആകെ | 7,86,74,547 |
| ചെലവ് | 4,50,36,342 |
| നീക്കിയിരിപ്പ് | 3,36,38,205 |

# 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് | ചെലവ് | ചെലവ് % |
|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 00 | 14464739 | 12232704 | 84.57 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 6261960 | 2455071 | 39.21 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 469515 | 131995 | 28.11 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 2820141 | 928572 | 32.93 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 3931236 | 2524711 | 64.22 |
| പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8111712 | 4171154 | 51.42 |
| പെർഫോർമസ്ഗ്രാന്റ്(ലോകബാങ്ക്) | 00 | 3954124 | 638909 | 16.15 |
| എം.എൻ.ആർ.ജി.ഇ.എസ് | 537 | 10672525 | 10666904 (നീക്കിയിരിപ്പ്) 7239 | 99.91 |
| ബി ഫണ്ട് | 0 | 47710440 | 47710440 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 148 | 71347384 | 90 | 27234421 | 58 | 60.81 |

# 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷം തനതു വരുമാനത്തിൽ താഴെപറയും പ്രകാരം 21.73 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9653974 | 11827798 | 2173824 | 22.5 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 896049 | 1086496 | 190447 | 21.25 |
| മറ്റ് വരവുകൾ | 441553 | 466087 | 24534 | 5.55 |
| ആകെ | 10991576 | 13380381 | 238805 | 21.73 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 2016-17 | 486 | 38,85,020 |
| വിധവാപെൻഷൻ | 2016-17 | 1155 | 1,27,39,530 |
| വാർദ്ധക്യകാലപെൻഷൻ | 2016-17 | 2999 | 2,68,91,420 |
| വികലാംഗപെൻഷൻ | 2016-17 | 358 | 28,69,850 |
| 50വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 2016-17 | 77 | 6,70,020 |
| തൊഴിൽ രഹിത വേതനം | 2016-17 | 154 | 2,64,600 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2016-17 | 13 | 3,90,000 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2017തീയതി 3മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 21520/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം.

രസീതുകളുടെ രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം തൃപ്തികരമാണ്. ഫയലുകളെല്ലാം തന്നെ കൃത്യമായും വൃത്തിയായും സൂക്ഷിക്കുന്നുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 25.07.17 | ജൂൺ 2017 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 01.10.2012 മുതൽ 16.10.2012 വരെ | 2007-08മുതൽ 2011-12 വരെ | 24.12.2012 |

| | | | | | |
|---|---|---|---|---|---|

.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഈടാക്കിയതിൽ കുറവ് - നഷ്ടം ₹.21,668/-

ഒരു കെട്ടിടത്തിൽ തന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ തന്നെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തക്കതായ കാരണത്താൽ (നാലാം ചട്ടം ഒന്നാം ഉപചട്ടം) മാത്രം വ്യത്യസ്ത നമ്പരുകൾ നൽകി നികുതി ചുമത്തേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3(4) നിഷ്കർഷിക്കുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായി പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്. (20-09-2011 ലെ I (a) നമ്പർ തീരുമാനം). എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/-ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 50/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

.

| ഉടമസ്ഥന്റെ പേര് വിവരം | വാർഡ്, കെട്ടിട നമ്പർ | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി അർഹ തപ്പെട്ട വർദ്ധന -ഇളവ് | നിർണ്ണയി ക്കേണ്ട നികുതി അർഹ തപ്പെട്ട വർദ്ധന - | ഇനത്തിലും ലൈബ്രറി സെസ് വസ്തു നികുതി ഇന |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ഉൾപ്പടെ (ച.മീറ്ററിന് 50 രൂപാ നിരക്കിൽ) | ഇളവ് ഉൾപ്പടെ (ച.മീ.ന് 60രൂപ നിരക്കിൽ) | ത്തിലും വന്ന കുറവ് |
| രമേഷ്.എം.ടി, പ്രിയ എ.ടി | II/56D മുതൽ II/56F വരെ | 119.95m2 | 7198+444 =7642 (20% വർദ്ധനവ്) | 8636+432 = 9,068 | 1,426 |
| ബിന്ദ പൈലി, അറക്കത്താഴത്ത്, ഉദയംപേരൂർ | II/627A മുതൽ II/627D വരെ | 132.62m2 | 7563+301 =7864 (14% വർദ്ധനവ്) | 9071+454 = 9,525 | 1,661 |
| അജയ് ജോൺ, ദിവ്യ അജയ്, തടവിള, ഉദയംപേരൂർ | III/141A മുതൽ III/141G വരെ | 278.37m2 | 16256+815 =17071 (20% വർദ്ധനവ്) | 20043+1002 = 21,045 | 3,974 |
| സുരേഷ്.പി.സി., എടപുരയ്ക്കൽ, ഉദയംപേരൂർ | IV/84D മുതൽ IV/84H വരെ | 120.15m2 | 7904+390= 8294 (20% വർദ്ധനവ്) | 8651+433 =9,084 | 790 |
| പി.കെ. ജിനുമോൻ ആന്റ് കരുണാകരൻ, വെളിപ്പറമ്പ്, ഉദയംപേരൂർ | V/694A മുതൽ V694H വരെ | 327.65m2 | 19660+986= 20646 (20% വർദ്ധനവ്) | 23591+1180 = 2,4771 | 4,125 |
| ശ്രീജിത്ത്, കൊത്തളത്തിൽ, നടക്കാവ്. | VIII/316A മുതൽ VIII/316B വരെ | 114.42m2 | 6866+344= 7210 (20% വർദ്ധനവ്) | 8238+412 = 8,650 | 1,440 |
| മാമ്മു മകൻ കാസിം, കിടങ്ങിൽ, പൂത്തോട്ട. | VIII/329A മുതൽ VIII/329C വരെ | 105.26m2 | 6316+317= 6633 (20% വർദ്ധനവ്) | 7579+379 =7,958 | 1,325 |
| ജോസഫ് നിക്കോളോവോസ്, മഞ്ഞളാക്കൽ | XIV/325C മുതൽ XIV/325D | 153.64m2 | 8939+448= 9387 (20% | 11062+553 =11,615 | 2,228 |

| | | | | | |
|---|---|---|---|---|---|
| | വരെ | | വർദ്ധനവ്) | | |
| എം.ടി. ജയപ്രകാശ്, ആരിശ്ശേരിൽ, ഉദയംപേരൂർ | XV/40A മുതൽ XV/40C വരെ | 175.76m2 | 9785+490= 10275 (10% വർദ്ധനവ്) | 11600+580 =12,180 | 1,905 |
| വിജയകുമാരി നാറാണത്തു പുഴിക്കൽ, ഉദയംപേരൂർ | XVII/470A മുതൽ XVII/470E വരെ | 126.63m2 | 7603+382= 7985 (20% വർദ്ധനവ്) | 9117+456 =9,573 | 1,588 |
| അംബുജാ ക്ഷിയമ്മ, പട്ടമനക്കവല, ഉദയംപേരൂർ | XVIII/95AA മുതൽ XVIII/95B വരെ | 104.61m2 | 5754+289= 6043 (10% വർദ്ധനവ്) | 6904+345 =7,249 | 1,206 |
| | | | | ആകെ | 21,668 |

മേൽ വിവരിച്ച പ്രകാരം വസ്തു നികുതി ഈടാക്കിയത് നിമിത്തം 21,668/- രൂപയുടെ നഷ്ടം പഞ്ചായത്തിന് സംഭവിച്ചിട്ടുണ്ട്. ഈ കാര്യം ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ടെന്നാണ് മറുപടി നല്കിയത്. ഡിമാന്റിൽ കുറവ് വന്ന 21,668/- രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറിന്റെ വസ്തു നികുതി കുറവായി ഈടാക്കി -നഷ്ടം ₹.23,982/-

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ ചേർത്തിട്ടുള്ള 5മൊബൈൽ ടവറുകളുടെ വസ്തു നികുതി തെറ്റായി നിർണ്ണയിച്ചത് കാരണം വസ്തു നികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ചതുരശ്രമീറ്ററിന് 500/- രൂപ നിരക്കിലാണ് വസ്തു നികുതി കണക്കാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേരും വിലാസവും | സ്ഥല വിസ്തീർണ്ണം, വാർഡ് നം | വസ്തു നികുതി യിനത്തിൽ പഞ്ചായത്ത് ഈടാക്കിയ തുക (ലൈബ്രറി സെസ് ഉൾപ്പെടെ) | വസ്തു നികുതി യിനത്തിൽ പഞ്ചായത്ത് ഈടാക്കേണ്ടിയിരുന്ന തുക (ലൈബ്രറി സെസ് ഉൾപ്പെടെ) | നഷ്ടം |
|---|---|---|---|---|
| എസ്സാർ ടെലിക്കോം ഇൻഫ്രാസ്ട്രക്ച്ചർ, പെരുംതൃക്കോവിൽ | 22.2m2, 2/438 | 3780 | 11100+555 =11655 | 7875 |
| റിലയൻസ് ഇൻഫോ സർവ്വീസ്,പുത്തൻക്കാവ് | ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല. | | | |
| ഭാരതി എയർടെൽ, പുത്തൻക്കാവ് | 18.72m2, 9/361(a) | 2835 | 9360+468= 9828 | 6993 |

| | | | | |
|---|---|---|---|---|
| ഐഡിയ സെല്ലുലാർ ടവർ, പുന്നയ്ക്കാവെളി | 20.07m2, 10/384 | 5544 | 10035+502= 10537 | 4993 |
| എം.എസ്.ഭാരതി ഇൻഫോടെൽലിമിറ്റഡ്, മാങ്കായിക്കവല വെസ്റ്റ് | 18.65m2, 19/428(a) | 5670 | 9325+466= 9791 | 4121 |
| ആകെ | | | | 23,982 |

മേൽ വിവരിച്ച പ്രകാരം മൊബൈൽ ടവറിന്റെ വസ്തു നികുതി കുറവായി ഈടാക്കിയതു കാരണം 23982/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6 തീയതി 07.08.2017) നല്കിയതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെന്നാണ് മറുപടി നല്കിയത്. കൂടാതെ മേൽ പരാമർശിത സ്ഥാപനങ്ങൾ എല്ലാം തന്നെ കെട്ടിടങ്ങൾ ലീസിന് എടുത്താണ് മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ളത്. ആയത്പ്രകാരം കെട്ടിടത്തിന്റെ മുകൾ ഭാഗം മുഴുവനായും വസ്തുനികുതി നിർണ്ണയത്തിന് വിധേയമാക്കേണ്ടതാണ്. എന്നാൽ ലീസിന് എടുത്തിട്ടുള്ള മുഴുവൻ സ്ഥലവും വസ്തുനികുതി നിർണ്ണയത്തിന് പഞ്ചായത്ത് വിധേയമാക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ ഇനത്തിൽ നഷ്ടം വന്ന 23982/-രൂപ ബന്ധപ്പെട്ട മൊബൈൽ കമ്പനികളിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഓഡിറ്റിനായി ഹാജരാക്കാത്ത റിലയൻസ് ഇൻഫോ സർവ്വീസ്, പുത്തൻകാവ് എന്ന മൊബൈൽ ടവറിന്റെ ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഈ സ്ഥാപനത്തിന്റെ വസ്തു നികുതി നിയമാനുസൃതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 <u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല - നഷ്ടം ₹.11,250/-</u>

താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | അടവാക്കേണ്ട തുക | അടവാക്കിയ തുക | അർദ്ധ വർഷം | നഷ്ടം |
|---|---|---|---|---|
| ശ്രീ നാരായണ പബ്ലിക് സ്കൂൾ | 2500 | 1250 | ഒന്നാം അർദ്ധ വർഷം മാത്രം | 1250 |
| ശ്രീ നാരായണ പ്രൈവറ്റ് ഐ.ടി.ഐ | 2500 | 0 | ഒന്നും രണ്ടും അടവാക്കിയില്ല | 2500 |
| എസ്.ബി.ടി. നടക്കാവ് | 2500 | 0 | ഒന്നും രണ്ടും അടവാക്കിയില്ല | 2500 |
| മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, ഉദയംപേരൂർ | 2500 | 1250 | ഒന്നാം അർദ്ധ വർഷം മാത്രം | 1250 |
| എം.ജി.എഫ്. മോട്ടേഴ്സ് | 2500 | 1250 | ഒന്നാം അർദ്ധ വർഷം മാത്രം | 1250 |

| | | | | |
|---|---|---|---|---|
| മാവേലി സ്റ്റോർ | 2500 | 1250 | ഒന്നാം അർദ്ധ വർഷം മാത്രം | 1250 |
| കെ.എസ്.ഇ.ബി. | 2500 | 1250 | ഒന്നാം അർദ്ധ വർഷം മാത്രം | 1250 |
| ആകെ | | | | 11,250 |

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാതിരുന്നത് മൂലം 11,250/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് (നം.8 തീയതി 07.08.17) ലഭ്യമാക്കിയ മറുപടിയിൽ ഈ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടയ്ക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ബാക്കിയുള്ള 11250/- രൂപ ഈടാക്കാത്തതിനാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് - യന്ത്ര സാമഗ്രികളുടെ ഫീസ് ഈടാക്കിയില്ല - നഷ്ടം ₹.1,400/-

കേരള പഞ്ചായത്ത് രാജ് ആക്ടിലെ ചട്ടം 17 പട്ടിക III പ്രകാരം ഡി.ആന്റ് ഒ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിലെ യന്ത്ര സാമഗ്രികളുടെ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന സ്ഥാപന ഉടമകളിൽ നിന്ന് യന്ത്ര സാമഗ്രികളുടെ ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപന ഉടമയുടെ മേൽവിലാസം | വാർഡ് നം. കെട്ടിടനം | സ്ഥാപനത്തിന്റെ പേര്, ലൈസൻസ് നം., തീയതി | യന്ത്രത്തിന്റെ കുതിരശക്തി | അടവാക്കേണ്ട തുക | അടവാക്കിയ തുക | നഷ്ടം |
|---|---|---|---|---|---|---|
| ഗിജീഷ് കെ, മിനി ഹൗസ്, പൊതുവാച്ചേരി, പാറൽ, തലശ്ശേരി | 13/304 | തലശ്ശേരി ബേക്കറി 57/27.02.16 | 1.5എച്ച്.പി. | 50 | തുക അട വാക്കി യിട്ടില്ല | 50 |
| വി.പി വേണുഗോപാൽ, രുഗ്മിണി ഭവൻ, ഉദയംപേരൂർ | 18/415 | വീരൂസ് പ്രിന്റേഴ്സ്. 163/29.02.16 | 2എച്ച്.പി. | 50 | തുക അട വാക്കി യിട്ടില്ല | 50 |
| പുഷ്പലത രാമകൃഷ്ണൻ, വൃന്ദാവൻ കിഴവന, കണ്ണൻകുളങ്ങര, തൃപ്പൂണിത്തുറ | 4/229A | എ.കെ. ഓഫ് സെറ്റ് 168/01.03.16 | 53എച്ച്.പി. (40kw) | 1000 | 200 | 800 |
| രതീഷ് കുമാർ, വാല്യേമൂലയിൽ, കല്ലൂർക്കാട്(പി.ഒ) | 7/32A | സൂര്യ എഞ്ചീനിയറിംങ് പ്രൊഡക്ട്സ്. 233/19.03.16 | 2.5എച്ച്.പി. - | 50 | തുക അട വാക്കി യിട്ടില്ല | 50 |
| മേരി ലാസർ, എ.വി.ജോർജ് | 4/244 | ഓട്ടോമേഷൻ ടെക്നോളജി. | 30.5എച്ച്.പി. (23 kw) | 400 | തുക അട | 400 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ്, കണ്ടനാട് | | 264/23.03.16 | - | | വാക്കി യിട്ടില്ല | |
| സുജാത സന്തോഷ്, വീരംത്താഴത്ത്, ഉദയംപേരൂർ | 5/331 | അരീന ബേക്കറി 334/19.04.16 | 4.5എച്ച്.പി- | 50 | തുക അട വാക്കി യിട്ടില്ല | 50 |
| ആകെ | | | | | | 1400 |

മേൽ സൂചന പ്രകാരം 1,400/- രൂപയുടെ നഷ്ടം യന്ത്ര സാമഗ്രികളുടെ ഫീസ് ഈടാക്കാതിരുന്നതിലൂടെ പഞ്ചായത്തിന് സംഭവിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയതിൽ ഡി &ഒ ലൈസൻസ് അടവാക്കിയവരുടെ പരാമർശം ഒഴിവാക്കിയിട്ടുണ്ട്. അടവാക്കുവാനുള്ള ബാക്കി തുക ബന്ധപ്പെട്ട സ്ഥാപന ഉടമകളിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 2-5 ബിസിനസ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതാണ്. ഈ സ്ഥാപനങ്ങളിൽ ധാരാളം പേർ ജോലി ചെയ്യുന്നുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | വാർഡ് കെട്ടിട നം | തരം, ലൈസൻസ് നം | തൊഴിലാളി കളുടെ എണ്ണം |
|---|---|---|---|
| അപ്പു ജോർജ്, കണ്ണിക്കാട്ട്, തൊടുപുഴ | 466BCB VII | അഗ്രിക്കോം. 2/12.02.16 | 9 |
| അബി.എം.രാജൻ, മട്ടമ്മേൽ, കണ്ടനാട്ട് | 413C IV | മറൈൻ & ഓഫ് ഷോർ സർവ്വീസ് 4/15.02.16 | 6 |
| ബിജു.എം.ഡി, മാന്നുള്ളിൽ, ഉദയംപേരൂർ | 365 XIX | മാന്നുള്ളിൽ വുഡ് ഇൻഡസ്ട്രസ്. 10/20.02.16 | 6 |
| മനോജ്കുമാർ.പി.എസ്സ്, പൂത്തൻവാട്, ഉദയംപേരൂർ | 329 XX | ആദിത്യ ഇൻഡസ്ട്രീസ്. 29/25.02.16 | 6 |
| ടെനി ദേവസ്സി, മാന്നുള്ളിൽ , മോണിക്കവില്ല, മാർക്കറ്റ്റോഡ്, തൃപ്പൂണിത്തുറ | 77D 111 | ദേവസ്സി & കമ്പനി 34/26.02.16 | 6 |
| സിസ്റ്റർ ആൻ തെരേസ്, ഉദയ വെൽഫയർ സോഷ്യൽ സൊസൈറ്റി | 256 XVII | ഉദയ വെൽഫയർ സോഷ്യൽസൊസൈറ്റി. 36/26.02.16 | 18 |
| പി.എം.യോഹന്നാൻ , പുല്യാട്ട്, നടക്കാവ് | 325D XV | സോണി സ്റ്റീൽ കോർപ്പറേഷൻ. 170/03.03.16 | 7 |
| പുഷ്പലത രാമകൃഷ്ണൻ, വൃന്ദാവൻ കിഴവന | 229A IV | രാജധാനി ഐസ് ക്രീം. 180/08.03.16 | 6 |

| | | | |
|---|---|---|---|
| മനേഷ് ജോയി, കൊച്ചിൻ സാനിവെയേഴ്സ് , പൂത്തോട്ട | 11,11a,11b, VIII | കൊച്ചിൻ സാനിവെയേഴ്സ്. 200/14.03.16 | 9 |
| ജിജി മാത്യു, മലയൻ ഹൌസ് ,കണ്ടനാട് | 370 III | യൂണിറ്റി എൻഞ്ചിനിയേഴ്സ്. 210a/16.03.16 | 8 |
| സതീഷ് കുമാർ,കവിത, മംഗലപ്പിള്ളിയിൽ, തൃപ്പൂണിത്തുറ | 117A IV | സ്പെക്ട്രം ആന്റീന ആന്റ് ഏവിയോണിക്ക്സ്. 245/23.03.16 | 6 |
| ബിനോയ്.കെ.ഡി, കൊച്ചുതറയിൽ, തുരുത്തേുമ്മ, ചെമ്പ്.പി.ഒ | 127 VII | ഗീതാഞ്ജലി ഗാർഡൻസ് & ഡ്രൈവ് റസ്റ്റോറന്റ് 308/04.04.16 | 7 |
| ലൈലാ എബ്രഹാം, കൊച്ചുകുടിയിൽ,ചോറ്റാനിക്കര | 220A XVII | ഫാൻസി ഗ്രാനൈറ്റ്സ്. 374/10.04.16 | 6 |
| രാജേശ്വരി സെയിം, തരാതരം, ഉദയംപേരൂർ | 250 XVII | തരാതരം ബിൽഡേഴ്സ് 406/08.06.16 | 6 |
| ജോർജ് വർഗ്ഗീസ്, 9-4 ബ്ലോക്ക് 3, കാക്കനാട് വി.ബി ഗാർഡൻ | 150 IV | കാതെ ഹെൽത്ത് സെന്റർ. 434/07.07.16 | 6 |

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് 205 b പ്രകാരം ബഹു. സെക്രട്ടറി നോട്ടീസ് നല്കിയിട്ടുണ്ടോ എന്ന് ആരാഞ്ഞ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അടിയന്തിരമായി ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 കൊച്ചി സേലം പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ- അപാകതകൾ - നഷ്ടം ₹.3,33,135/-

കൊച്ചി സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം കൊച്ചി റിഫൈനറിയിൽ നിന്നും ഉദയംപേരൂർ പ്ലാന്റിലേക്ക് എൽ.പി.ജി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി അപേക്ഷിക്കുകയും പ്രസ്തുത സ്ഥാപനത്തിന്റെ അപേക്ഷ പരിഗണിച്ച് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ വേഴപറമ്പ് ആശ്രമം റോഡ് കട്ടിംഗിന് ഉള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ആയതിൻ പ്രകാരം 162 മീറ്റർ നീളത്തിലും 1.5 മീറ്റർ വീതിയിലും റോഡ് കട്ടിംഗിന് ഉള്ള അനുമതി നല്കുകയും, എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 328500/-രൂപ കൊച്ചി സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി റെസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ ചെക്ക് നം. 725179/11.5.2016ആയി പഞ്ചായത്തിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്.
23.9.2016 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.7(2) പ്രകാരം കൊച്ചി സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡിന് പൈപ്പ് ലൈൻ ഇടുന്നതിന് പഞ്ചായത്ത് അനുവാദം നൽകിയതിൽ കൂടുതലായി റോഡുകൾ പൊളിച്ചിട്ടുണ്ടോയെന്ന് റിപ്പോർട്ട്ചെയ്യുന്നതിനായി എ.ഇ.യെ ചുമതലപ്പെടുത്തുകയും കെ.എസ്.പി.പി.എൽ. പൈപ്പ് ലൈൻ ഇടുന്നതിനു വേണ്ടി പൊളിച്ച വേഴപറമ്പ് ആശ്രമം റോഡ് അനുമതി നൽകിയതിനേക്കാൾ കൂടുതൽ 128 മീറ്റർ നീളത്തിലും 1.5 മീറ്റർ വീതിയിലും റോഡ് പൊളിച്ചിട്ടുണ്ടെന്ന് 5.1.2017ൽ എ.ഇ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ഇതുമായിബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ ഉണ്ട്.

1.കൊച്ചി സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡുമായി പഞ്ചായത്ത് കരാർ വെച്ചിട്ടില്ല. കരാർ വെയ്ക്കാതെ സ്ഥാപനത്തിന് പ്രവർത്തനാനുമതി നല്കി.

2. അനുമതി നല്കിയതിനേക്കാൾ കൂടുതലായി ചെയ്തിട്ടുള്ള പ്രവർത്തികളുടെ കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

3.പഞ്ചായത്തിന്റെ 16.7.2015 ലെ 13- ാം നമ്പർ തീരുമാനപ്രകാരം ജനവാസകേന്ദ്രങ്ങളെ

ഒഴിവാക്കി കോണോത്തുപുഴയുടെ അരികിൽ കൂടി പൈപ്പ് ലൈനുകൾ കൊണ്ടുപോകണമെന്ന പഞ്ചായത്തിന്റെ ആവശ്യം മേൽ സ്ഥാപനം പരിഗണിച്ചിട്ടില്ല.
4.ചീഫ് എഞ്ചിനീയറുടെ (R&B) 18.3.2013 ലെ CE/R&B/GL/6682/06 നം.ഉത്തരവ് പ്രകാരം റോഡ് പുനരുദ്ധാരണ ചാർജ്ജ് 1521/m2 ആണ്. എന്നാൽ 1351.85/m2 എന്ന നിരക്കിലാണ് ചാർജ്ജ് കണക്കാക്കിയിരിക്കുന്നത്.

| അനുമതി നൽകിയ അളവ് | ഈടാക്കേണ്ടത് | ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|
| 162m x 1.5 | 162x1.5=243m2<br>243x1521=369603 | 243x1351.85<br>=328500 | 41,103 |

അനുമതി നൽകിയതിനേക്കാൾ അധികം ചെയ്ത അളവ്

| അധികം ചെയ്ത അളവ് | ഈടാക്കേണ്ട തുക |
|---|---|
| 128m x 1.5 | 128x1.5=192m2x1521=2,92,032 |

ആകെ ഈയിനത്തിൽ ലഭിക്കാനുള്ള 3,33,135/-രൂപ (41,103+2,92,032) കൊച്ചി സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി മുഖാന്തിരം കുറവ് തുക ഈടാക്കിയത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല(നം.11/08.08.17)
5.പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ തറവാടക ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം വാർഷികമായി കണക്കാക്കി ഈടാക്കേണ്ടതാണ്.

## 2-7 <u>പട്ടികജാതി വ്യവസായ എസ്റ്റേറ്റ് ഉപയോഗശൂന്യമായ നിലയിൽ</u>

മിനിട്സ് പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ 15.3.2016ൽ പണി പൂർത്തീകരിച്ച 17ാം വാർഡിലെ പട്ടിക ജാതി വ്യവസായ എസ്റ്റേറ്റിലെ കടമുറികൾ നാളിതു വരെയും ഏതെങ്കിലും വാടകക്കാരന് വിട്ടുകൊടുത്തിട്ടില്ലെന്ന് വ്യക്തമാകുന്നു. പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കുവാൻ (ഓഡിറ്റ് എൻക്വയറി നം. 20/10.08.17)ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മാത്രമല്ല നല്ല ലക്ഷ്യത്തോടെ ആരംഭിച്ച ഒരു സംരംഭം ഉപയോഗ ശൂന്യമായി കിടന്നിട്ടും ഗ്രാമപഞ്ചായത്ത് അത് പരിഹരിക്കാനുള്ള യാതൊരു ശ്രമങ്ങളും നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് ഇക്കാര്യത്തിൽ വരുത്തിയിട്ടുള്ളത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ നൽകേണ്ടതാണ്.

## 2-8 <u>പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്ത്ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.</u>

2016-17 വർഷത്തിൽ പഞ്ചായത്തിൽ 39 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികളുടെ ടെണ്ടർ ഫീ, പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | കരാറുകാരൻ | ടെണ്ടർ ഫീസ് |
|---|---|---|---|---|
| 1. | തെക്കേടത്ത് ലെയിൻ നിർമ്മാണം. | 584999 | വി.പി.തങ്കച്ചൻ | 4800 |
| 2. | കെ.പി.ചാക്കോ റോഡിൽ കാന നിർമ്മാണം | 650000 | കലേഷ് കുമാർ | 6500 |
| 3. | ചിറ്റേത്ത് താഴം റോഡ് റീടാറിംഗ് | 115000 | സ്വീകരിച്ചിട്ടില്ല. | 500 |

| | | | | |
|---|---|---|---|---|
| 4. | പുന്നക്കാവെളി നെടുംപിള്ളി റോഡ് നിർമ്മാണം | 620000 | വി.പി.തങ്കച്ചൻ | 5200 |
| 5 | അമ്പലക്കാട്ട് റോഡ് നിർമ്മാണം | 625000 | -ടി | 3900 |
| 6. | പുളിയംമാക്കിൽ റോഡ് റീ ടാറിംഗ് | 585000 | കെ.റ്റി.തോമസ് | 2400 |
| 7. | അബ്ദുൾ കലാം റോഡ് മെറ്റലിംഗ്,ടാറിംഗ് | 600000 | മോൻസി എബ്രഹാം | 3600 |
| 8. | കരിങ്ങനാംമ്പിള്ളി റോഡ് നിർമ്മാണം | 500000 | -ടി | 2000 |
| 9. | പെരുംതൃക്കോവിൽ റോഡ് റീ ടാറിംഗ് | 595000 | മോൻസിഎബ്രഹാം | 3600 |
| 10. | ശിവാനന്ദപുരം റോഡ് മെയിന്റനൻസ് | 540000 | -ടി- | 2200 |
| 11. | ടോമിച്ചൻ ആന്റണി റോഡ് റീ ടാറിംഗ് | 360000 | -ടി- | 1600 |
| 12. | മാർക്കറ്റ് തെക്കേമുക്ക് റോഡ് റീ-ടാറിംഗ് | 640000 | -ടി- | 6500 |
| 13 | മനയ്ക്കപ്പറമ്പിൽറോഡ് മെറ്റലിംഗ്, ടാറിംഗ്, കാനനിർമ്മാണവും | 450000 | -ടി- | 1800 |
| 14.. | വിവിധ വാർഡുകളിലെ (11,16,17)കിണറുകളുടെ അറ്റകുറ്റ പ്പണികൾ | 100000 | കെ.എസ് മനോജ് | 1000 |
| 15. | വെട്ടിയ്ക്കാപ്പിള്ളി കുളം സൈഡ് കെട്ടി സംരക്ഷണം | 150000 | റെജി മാത്യു | 1500 |
| 16 | ഇലക്ട്രിക് കേബിളുകൾ സ്ഥാപിയ്ക്കുന്നതിന് വേണ്ടി കുഴിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ | 600000 | പി.തോമസ് ജോയി | 3600 |
| 17 | ആയുർവ്വേദ ആശുപത്രിയ്ക്ക് ചുറ്റുമതിൽ കെട്ടലും ടൈൽ വിരിക്കലും | 500000 | വി.പി.തങ്കച്ചൻ | 2000 |
| 18 | അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ | 505250 | പി.കെ.രാജു | 3300 |
| 19 | വേഴപ്പറമ്പ് ആശ്രമം റോഡ് അറ്റകുറ്റപ്പണികൾ | 1500000 | ബിനോയ് എം.പി | 21000 |
| 20 | ഒട്ടോളി വട്ടക്കാട്ട് ഫ്രണ്ട്സ് ലെയിൻ നിർമ്മാണം | 440000 | റെജി മാത്യു | 3600 |
| 21 | വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ | 1000000 | പി.കെ.രാജു | 6000 |
| 22. | പുല്ലുകാട്ട് കാനനിർമ്മാണം രണ്ടാം ഘട്ടം | 120000 | മോൻസി എബ്രഹാം | 1000 |
| 23 | തോപ്പിൽ വടക്കും ഭാഗം റോഡ് നിർമ്മാണം | 120000 | എം എൻ.പ്രഭാകരൻ | 1500 |
| 24 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം | 1500000 | റെജി മാത്യു | 6000 |
| 25. | കെ.പി ചാക്കോ റോഡിൽ കാന നിർമ്മാണം | 450000 | കലേഷ് കുമാർ | 1800 |
| 26. | വെഴപ്പറമ്പ് ആശ്രമം റോഡ് കട്ടവിരിക്കൽ രണ്ടാം ഘട്ടം | 400000 | എൽദോ വി.എ | 1600 |
| 27. | നെടുംപിള്ളി റോഡ് | 299990 | വി.പി.തങ്കച്ചൻ | 1200 |

| | | | | |
|---|---|---|---|---|
| | പുഴവരെ ദീർഘിപ്പിയ്ക്കൽ വാർഡ് 8 | | | |
| 28. | ഫിഷറീസ് ആശുപത്രി - ഐ.പി. ബ്ലോക്കിൽ പകൽവീടിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കൽ | 350000 | പി.തോമസ് ജോയി | 1400 |
| 29. | എസ്.സി കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപ്പണികൾ | 700000 | പി.തോമസ് ജോയി | 2800 |
| 30. | ശ്മശാനം റോഡ് അതിർത്തി തിരിക്കൽ | 100000 | റെജി മാത്യു | 1000 |
| 31. | പുല്ലുകാട്ട് വെളി റോഡിൽ കാനനിർമ്മാണം | 1000000 | കെ.എസ്. രാഘവമേനോൻ | 8000 |
| 32. | എസ്.സി വിഭാഗത്തിന് ഫ്ലാറ്റ് നിർമ്മാണം | 2724100 | റെജി മാത്യു | 10000 |
| 33. | മാളേക്കാട് തണ്ടാം കടവ് കോളനി സമഗ്ര വികസനം | 150000 | ബേസിൽ എബ്രഹാം | 1000 |
| 34. | തെരുവ് തെക്കേടത്ത് മാർക്കറ്റ് റോഡ് കട്ടവിരിക്കൽ | 650000 | സുനിൽ മാത്യു | 5200 |
| 35. | പൊതുകിണറുകളുടെ പുനരുദ്ധാരണം | 50000 | റെജി മാത്യു | 1000 |
| 36. | വിവിധ റോഡുകളിൽ ടൈൽ വിരിക്കൽ | 1000000 | സുനിൽ മാത്യു | 6000 |
| 37. | ഓഫീസ് കെട്ടിട നിർമ്മാണം അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ | 100000 | റെജി മാത്യു | 1000 |
| 38. | ആമേട തെക്കേടത്ത് റോഡിൽ കാന നിർമ്മാണം | 1070000 | | 6600 |
| 39 | ഫിഷർമാൻ കോളനി റോഡ് കട്ടവിരിക്കൽ | 350000 | ബേസിൽ എബ്രഹാം | 2100 |
| ആകെ | | | | 145800 |

മേൽ തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-9 വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) കെട്ടിട നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | സഞ്ചയ പ്രകാരം | സാംഖ്യ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് | 79,10,513 | 75,31,938 | 3,78,575 |
| കളക്ഷൻ | 56,09,083 | 53,59,720 | 2,49,363 |
| ബാലൻസ് | 18,33,749 | 21,72,218 | 3,38,469 |

(2)കെട്ടിട നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള അരിയർ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | സഞ്ചയ പ്രകാരം | സാംഖ്യ പ്രകാരം | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| ഡിമാന്റ് | 66,42,458 | 63,88,985 | 2,53,473 |
| കളക്ഷൻ | 38,43,040 | 37,49,442 | 93,598 |
| ബാലൻസ് | 30,83,597 | 26,39,543 | 4,44,054 |

(3) ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട്, സെക്രട്ടറി തയ്യാറാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്കൂൾ ബസ് ഡ്രൈവറുടെയും, ആയയുടെയും വേതനം - വികസന ഫണ്ട് ചെലവഴിച്ചത് ചട്ടവിരുദ്ധം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0050/17 |
| പ്രോജക്ടിന്റെ പേര് | സ്കൂൾ ബസുകളുടെ തുടർ ചെലവുകൾ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ഗവ.ജെ.ബി.എസ്, ഉദയംപേരൂർ |
| ചെലവ് | 7,60,000 |
| ബിൽ നമ്പർ | 1)02/16-17,07.03.2017-6,00,000<br>2)03/16-17,31.03.2017-1,60,000 |

ഗ്രാമപഞ്ചായത്തിലെ വിവിധ ഗവ.എൽ.പി സ്കൂളുകളിലെ ബസ് ഓടിക്കുന്ന ഡ്രൈവർമാർക്കും, ആയമാർക്കും ശമ്പളം നൽകുന്നതിനായി മേൽപ്പറഞ്ഞ പ്രോജക്ടിൽ തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നമ്പർ 4/2016/തദ്ദേശ സ്വയം ഭരണ വകുപ്പ് / 11.01.2016 സബ്സിഡി മാർഗരേഖ പ്രകാരം വികസനഫണ്ട് ഉപയോഗിച്ച് ശമ്പളം, ഓണറേറിയം മുതലായവ വിതരണം ചെയ്യുന്നത് പദ്ധതി മാർഗ്ഗരേഖാ ലംഘനമാണ്. 2016-17 സാമ്പത്തിക വർഷം പദ്ധതി പ്രകാരം ആകെ ചെലവഴിച്ച 76,00,00/-രൂപയും വിവിധ സ്കൂളുകളിലെ ഡ്രൈവർമാരുടെ ശമ്പളമിനത്തിൽ 2,35,650/- രൂപയും, ആയമാരുടെ ശമ്പളമിനത്തിൽ 75,600/- രൂപയും നൽകിയിട്ടുണ്ട് (ആകെ ₹.3,11,250/-). പുതിയതായി ഡ്രൈവർ/ആയ തസ്തിക സൃഷ്ടിക്കപ്പെട്ട് ആറ് മാസം വരെ മാത്രമേ ഓണറേറിയം എന്ന നിലയിൽ പോലും വികസന ഫണ്ട് ഉപയോഗിക്കാൻ കഴിയൂ. വകമാറ്റി വികസന ഫണ്ട് ചെലവഴിക്കുന്നത് ക്രമ വിരുദ്ധമാണ്. മേൽ അപാകതയ്ക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടതിന് ഇപ്രകാരം തുക ചെലവഴിച്ച വിവരം ഗ്രാമപഞ്ചായത്ത് ഭരണ സമിതി മുഖേന സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. സർക്കാർ സാധൂകരണം ലഭ്യമാകുന്നതു വരെ 3,11,250/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2016-17ൽ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല :-

| ക്രമ നം | പ്രോജക്ട് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം. / തീയതി | ചെലവഴിച്ച തുക (₹.) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | so156/17<br>സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ | സെക്രട്ടറി | 22/16-17 / 28.2.17 | 7,00,000 |
| 2 | so 58/16<br>വിവിധ പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിയ്ക്കൽ | സെക്രട്ടറി | 360309(ഡി.ഡി)/ 5.4.16 | 1,31,195 |
| 3 | so 53/17<br>എസ്.എസ്.എ പ്രൊജക്ട് വിഹിതം | ഹെഡ്മിസ്ട്രസ് | 1/16-17 / 16.01.17 | 7,64,182 |
| ആകെ | | | | 15,95,377 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി പ്രൊജക്ടുകൾക്കായി ചെലവഴിച്ച 15,95,377/- രൂപ തടസ്സപ്പെടുത്തുന്നു .

## 3-3 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

(എ) അലോപ്പതി ആശുപത്രിക്ക് മരുന്നു വാങ്ങൽ

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്077/16 -17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഫിഷറീസ് ഹോസ്പിറ്റൽ , ഉദയംപേരൂർ |
| അടങ്കൽ | 400236/- |
| ചെലവ് | 400236/-( ബിൽ നമ്പർ 14/16-17/27.03.17, ബിൽ നമ്പർ 13/16-17/23.03.17) |

ഈ പദ്ധതിക്കായി, KMSC Ltd ന് രസീത് നമ്പർ 4336/27.03.17 പ്രകാരം 400000/- രൂപാ അടവാക്കിയിട്ടുണ്ട്. 236/- രൂപയ്ക്ക ജൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നു വാങ്ങുകയും ചെയ്തിട്ടുണ്ട്. ( രസീത് നമ്പർ 021/06.03.17, മുളന്തുരുത്തി.)

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടുണ്ടങ്കിൽ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4ന് മറുപടിയായി 51651/- രൂപയുടെ മരുന്നുകൾ ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. (kmscl invoice no 1928/18.07.2017,1929 /18.07.17 ). ബാക്കി 348349/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

(ബി) ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ

| | |
|---|---|
| പ്രൊജക്ട് നം. | so82/17 |
| അടങ്കൽ | 50000/- |
| ചെലവ് | 50000/- |
| ബിൽ നം. | 2/2016-17/25.2.17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ |

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങുന്നതിനായി 50000/- രൂപ ഹോംകോയിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറി മുഖാന്തിരം(14/8.8.2017)ആയതിന് വിശദീകരണം ആരാഞ്ഞിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വക്കീൽ ഫീസ് നൽകിയത് - ആദായ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യതിന് അഡ്വ. സി.ജി.ബിന്ദുവിന് 2016-17 വർഷം വക്കീൽ ഫീസ് ഇനത്തിൽ താഴെ പറയും പ്രകാരം 1,02,500/- രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|
| 1 | 21600052/26.04.16 | 15,000 |
| 2 | 21600172/01.06.16 | 15,000 |
| 3 | 21601221/10.03.16 | 72,500 |
| ആകെ | | 1,02,500 |

1961 ലെ ആദായനികുതി നിയമം വകുപ്പ് 194 (ജെ) പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള പ്രതിഫലമായി 30000 രൂപയിൽ അധികരിക്കുന്ന തുക നൽകുമ്പോൾ ആദായനികുതിയിനത്തിൽ 10% സ്രോതസ്സിൽ കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വ. സി.ജി.ബിന്ദുവിന് മേൽപ്പറഞ്ഞ പ്രകാരം വക്കീൽ ഫീസിനത്തിൽ 1,02,500/- രൂപ നൽകിയപ്പോൾ ആയതിന് ബാധകമായ 10,250/- രൂപ ആദായനികുതി പിടിച്ചിട്ടില്ല. നിയമാനുസൃതമായ ആദായനികുതി കുറവ് ചെയ്യാതെ വക്കീൽ ഫീസ് നൽകിയതിനാൽ 10,250/- രൂപ കേന്ദ്രസർക്കാരിന് നഷ്ടമായി. കൂടാതെ അഡ്വ.വി.ജി.ജയഗോപൻ എന്ന വക്കീലിനും 45,000/- രൂപ നൽകിയിട്ടുണ്ട്. ഈ വക്കീലിൽ നിന്നു കൂടി നിയമാനുസൃതമായ ആദായനികുതി ഈടാക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | നൽകിയ തുക | ഈടാക്കേണ്ട നികുതി |
|---|---|---|
| 21600172/01.06.16 | 45,000 | 4,500 |

ഈ അപാകതകൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ ആദായ നികുതി ഇനത്തിൽ ഈടാക്കുവാനുള്ള 14,750/-രൂപ (10,250+4,500) ഈടാക്കി കേന്ദ്രസർക്കാർ ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

## 3-5 സ്ട്രീറ്റ് ടാപ്പുകൾ - സംയുക്ത പരിശോധന നടത്തിയില്ല.

ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 168,438 രൂപ വീതം കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. 385 ടാപ്പുകൾക്കുള്ള തുകയാണ് അടവാക്കുന്നത്. വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്ന് സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി) 2242/2011/തസ്വഭവ തീയതി 28.09.2011 പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തിക്കുന്ന ടാപ്പുകൾക്കുള്ള വെള്ളക്കരം തന്നെയാണ് അടവാക്കുന്നത് എന്ന് ഉറപ്പില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി അർഹമായ തുക തന്നെയാണ് വെള്ളക്കരമിനത്തിൽ അടവാക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ എത്രയും വേഗം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

സംയുക്ത പരിശോധനയ്ക്ക് കാലതാമസം ഉണ്ടാകുന്നപക്ഷം പ്രവർത്തിക്കാത്ത / ഉപയോഗമില്ലാത്ത ടാപ്പുകളുടെ വിവരം ഗ്രാമപഞ്ചായത്ത് സ്വയം പരിശോധിച്ച് അവയുടെ കണക്ഷൻ റദ്ദ് ചെയ്യുന്നതിനും ചാർജ്ജ് ഒഴിവാക്കുന്നതിനും വാട്ടർ അതോറിറ്റി അധികൃതരോട് രേഖാമൂലം ആവശ്യപ്പെടേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 30000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 30000 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 300000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 300000 | - |

.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | മുൻകൂർ നൽകിയ തുക | നിർവ്വഹണ സ്ഥാപനം |
|---|---|---|---|
| | ലൈൻ എക്സ്റ്റൻഷൻ | 70,000 | KSEB |

| | | | |
|---|---|---|---|
| | സ്ട്രീറ്റ് ലൈറ്റ് | 60,000 | KSEB |
| | കുടിവെള്ളം | 19,05,000 | Water Authority |
| | ആകെ | 20,35,000 | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ (2016-17)

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1713398 |
| തൻവർഷം നിക്ഷേപിച്ച തുക | 166967 |
| ആകെ | 1880365 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1880365 |

.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Rt No.218753/04.06.2016 | 401488 |
| Rt No.218754/04.06.2016 | 1478877 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 to | 2-13 | 2006-07 | 3-51(1) | പട്ടികജാതി വിഭാഗ ത്തിനുള്ള ഭവന | തീർപ്പാക്കി യിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2001-02 | | | | നിർമ്മാണം – JGSY പദ്ധതി നടപ്പിലാക്കി യതിലെ അപാകത | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,18,55,481 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,50,36,342 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,91,435 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,06,627 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 21,668 | - | ആർ.മണിക്കുട്ടി, സെക്രട്ടറി |
| 2-2 | 23,982 | - | ആർ.മണിക്കുട്ടി, സെക്രട്ടറി |
| 2-3 | 11,250 | - | ആർ.മണിക്കുട്ടി, സെക്രട്ടറി |
| 2-4 | 1,400 | - | ആർ.മണിക്കുട്ടി, സെക്രട്ടറി |
| 2-6 | 3,33,135 | - | ആർ.മണിക്കുട്ടി, സെക്രട്ടറി |
| ആകെ | 3,91,435 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,11,250 | ലേഖ രവീന്ദ്രൻ, ഹെഡ്മിസ്ട്രസ് |
| 3-2 (ക്രമ നം.1&2) | 8,31,195 | ആർ.മണിക്കുട്ടി, സെക്രട്ടറി |
| 3-3(ക്രമ നം.3) | 7,64,182 | ലേഖ രവീന്ദ്രൻ, ഹെഡ്മിസ്ട്രസ് |
| ആകെ | 19,06,627 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 14,750 | ആർ.മണിക്കുട്ടി,സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആർ.മണിക്കുട്ടി, സെക്രട്ടറി | സെക്രട്ടറി, മുളവുകാട് ഗ്രാമപഞ്ചായത്ത് | 2/468എ, രേവതി ഹൗസ്, കാട്ടിപ്ര റോഡ് സൗത്ത് എൻഡ്, മരട്.പി.ഒ |
| ലേഖ രവീന്ദ്രൻ, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.ജെ.ബി.സ്കൂൾ,ഉദയംപേരൂർ | ചെട്ടിയാമൂഴിയിൽ കാഞ്ഞിരമറ്റം.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി2)93/98 തീ. 12.03.1998 |
| 1997-98 | എൽ.എഫ്.ഇ(പി4)134/2004 തീ. 25.10.2004 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതിച്ചെലവ് | എൽ.എഫ്.ഇ(പി2)15/2004 തീ. 08. 12.04 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതി വിഹിതം ഒഴികെ ചെലവ് | എൽ.എഫ്.ഇ(പി6)376/2006 തീ. 05.10.06 |
| 1998-99 (വരവ്) | എൽ.എഫ്.ഇ(പി6)2008/2007 തീ. 09.07.08 |
| 1999-2000 (വരവ്) | എൽ.എഫ്.ഇ(പി6)2009/2007 തീ. 09.07.08 |
| 2000-2001 (വരവ്) | എൽ.എഫ്.ഇ(പി6)2010/2007 തീ. 09.07.08 |
| 2001-2002 (വരവ്) | എൽ.എഫ്.ഇ(പി6)2011/2007 തീ. 09.07.08 |
| 2002-2003 | എൽ.എഫ്.ഇ(പി6)2012/2007 തീ. 09.07.08 |
| 2003-2004 | എൽ.എഫ്.ഇ(പി6)2013/2007 തീ. 09.07.08 |
| 2004-2005 | എൽ.എഫ്.ഇ(പി6)1759/2009 തീ. 17.09.09 |
| 2005-2006 | എൽ.എഫ്.ഇ(പി6)1790/2009 തീ. 17.09.09 |
| 2006-2007 | എൽ.എഫ്.ഇ(പി6)1722/2007 തീ. 13.12.07 |
| 2007-2008 | എൽ.എഫ്.ഇ(പി6)437/2009 തീ. 04.12.09 |
| 2008-2009 | എൽ.എഫ്.ഇ(പി6)292/2010 തീ. 23.09.10 |
| 2009-2010 | എൽ.എഫ്.ഇ(പി6)1826/2010 തീ. 10.05.11 |
| 2010-2011 | എൽ.എഫ്.ഇ(പി6)1614/2011 തീ. 12.10.11 |
| 2011-2012 & 2012-13 | എൽ.എഫ്.ഇ(പി6)161/2014 തീ. 26.02.14 |
| 2013-14 | കെ.എസ്.എ.ഇ.കെ.എം(പി6)1542/15തീ.17.09.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി6)1106/16തീ.07.07.16 |

| | |
|---|---|
| 2015-16 | കെ.എസ്.എ ഇ.കെ.എം(പി6)2041/2016 തീ. 07.12.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി6)1651/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 27.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-9 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX – I

AUDIT CERTIFICATE – 2016-17

No.KSA-EKM(P.6)1651/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 27.09.2017

Certified that I have audited the Annual Financial Statement of UDAYAMPEROOR Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of UDAYAMPEROOR Grama Panchayat for the Financial Year 2016-17 except the observations in para 2-9 of my audit report properly presents the picture of income and expenditure.

Deputy Director